## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1713 10.02.2020 ൽ മറുപടിക്ക്

## സ്വകാര്യ കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ

**ചോദ്യം**

**ശ്രീ.കെ.എൻ.എ ഖാദർ**

**മറുപടി**

**ഡോ.കെ.ടി.ജലീൽ**

**(ബഹു. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള സംസ്ഥാനത്തെ സ്വകാര്യ കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തെ സ്വകാര്യ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളുടെയും ട്രെയിനിങ് കോളേജുകളുടെയും അറബിക് കോളേജുകളുടെയും സ്റ്റാഫ് പാറ്റേണുമായി ബന്ധപ്പെട്ട ജി.ഒ.(എം.എസ്.)നമ്പർ60/2016/ഉവിവ തീയതി 29.02.2016 ലെ ഉത്തരവിലെ അനോമലി പരിഹരിച്ച് ജി.ഒ.(എം.എസ്.)നമ്പർ.308/2019/ഉവിവ തീയതി 01.09.2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് |
| (ബി) | സംസ്ഥാനത്ത് ഇതിനു മുമ്പ് സ്വകാര്യ കോളേജുകളിൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചത് എന്നാണ്; അതിൻപ്രകാരമുള്ള വിവരങ്ങൾ നൽകാമോ; | (ബി) | സംസ്ഥാനത്ത് ഇതിനു മുൻപ് സ്വകാര്യ കോളേജുകളിൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചത് ജി.ഒ.(എം.എസ്.)നമ്പർ.60/2016/ഉവിവ തിയതി 29.02.2016 ഉത്തരവ് പ്രകാരമാണ് |
| (സി) | ഇപ്പോൾ പുതുക്കി നിശ്ചയിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം നിലവിൽ തസ്തികകൾ അധികമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ, വിശദമാക്കാമോ? | (സി) | ജി.ഒ.(എം.എസ്.)നമ്പർ.60/2016/ഉവിവ തിയതി 29.02.2016 ഉത്തരവ് പ്രകാരം എയ്ഡഡ് കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കിയപ്പോൾ "E" ഗ്രേഡ് ഒഴിവാക്കിയതിനെ തുടർന്ന് ചില കോളേജുകളിൽ ചില തസ്തികകളുടെ എണ്ണം അധികമാണെന്ന് കണ്ടതിനെ തുടർന്ന് ഈ വിഷയം പരിശോധിച്ച് 01.09.2019 ലെ ജി.ഒ.(എം.എസ്.)നമ്പർ.308/2019/ഉവിവ പ്രകാരം 5 കോഴ്സുകൾ വരെയുള്ള കോളേജുകളെ "E" ഗ്രേഡിലേയ്ക്ക് മാറ്റുകയും ടി കോളേജുകൾക്കായി 8 തസ്തികകൾ അനുവദനീയമാണെന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**